(ബി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ എത്ര പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ലോക്കപ്പ് മർദ്ദനത്തിനിരയായി എത്ര പേർ ആശുപത്രികളിലും വീടുകളിലുമായി മരണമടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ലോക്കപ്പ് മരണത്തിന്റെ ഫലമായി എത്ര പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ മരണമടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട് ലോക്കപ്പ് മർദ്ദന കേസുകൾ.

(ബി) ഈ കേസുമായി ബന്ധപ്പെട്ട് 10 പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കേസെടുത്തിട്ടുള്ളതും അതിൽ ഒരു കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതും ഉടനെ കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതുമാണ്.

(സി & ഡി) ആരും തന്നെ മരണമടഞ്ഞിട്ടില്ല.

രജിസ്റ്റർ ചെയ്യപ്പെട്ട തട്ടിക്കൊണ്ടുപോകൽ കേസുകൾ

101 [102] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ എത്ര തട്ടിക്കൊണ്ടുപോകൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) തട്ടിക്കൊണ്ടുപോകലിന് ഇരയായവരിൽ സ്ത്രീകളും പുരുഷൻമാരും കുട്ടികളും എത്രവീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) തട്ടിക്കൊണ്ടുപോയവരിൽ എത്രപേർ ിന്നീട് മരണമടഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) മരണമടഞ്ഞവരിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എന്നിവർ എത്രവീതം;

(ഇ) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 444 തട്ടിക്കൊണ്ടുപോകൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്ത്രീകൾ .. 185
പുരുഷൻമാർ .. 169
കുട്ടികൾ .. 107

(സി) 3 പേർ മരണമടഞ്ഞിട്ടുണ്ട്.

(ഡി) സ്ത്രീകൾ .. ഇല്ല
പുരുഷൻമാർ .. 3 പേർ
കുട്ടികൾ .. ഇല്ല

(ഇ) മരണങ്ങൾ സംബന്ധിച്ച് 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കള്ളനോട്ട് കേസുകൾ

102 [103] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കള്ളനോട്ട് അച്ചടിച്ചത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ എത്ര കേസുകൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 13 കേസുകൾ.

(ബി) അന്വേഷണാവസ്ഥയിലായതിനാൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

മയക്കുമരുന്നു കേസിലെ പ്രതികൾ

103 [104] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മയക്കുമരുന്നു കേസിൽ ശിക്ഷിക്കപ്പെട്ട് തടവിൽ കഴിയുന്ന പ്രതികൾക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ടിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly